"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-പി.എം.എ.വൈ(ജി) പദ്ധതിയുടെ പെർമനന്റ് വെയിറ്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ലൈഫ് മിഷൻ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് ലൈഫ് പദ്ധതിയുടെ ഭാഗമായി സർക്കാർ അംഗീകരിച്ച നിരക്കിൽ ഭൂമി വാങ്ങി നൽകുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്**

G.O.(Rt) No.310/2021/LSGD തീയതി,തിരുവനന്തപുരം, 05/02/2021

---

പരാമർശം:- 1 സ.ഉ(സാധാ)നം. 483/2020/ ത.സ്വ.ഭ.വ തീയതി 27/02/2020.

2 ഗ്രാമ വികസന കമ്മീഷണറുടെ 30/06/2020-ലെ 14036/ എച്ച് & റ്റി1/ 18/ സി.ആർ.ഡി നമ്പർ കത്ത്.

3 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 02/12/2020 ലെ എൽ.എം-103/2019/ലൈഫ് നമ്പർ കത്ത്.

**ഉത്തരവ്**

പി . എം . എ . വൈ ( ജി ) പദ്ധതിയുടെ പെർമനന്റ് വെയിറ്റിംഗ് ലിസ്റ്റിൽ ഭൂമിയില്ലാതെ അവശേഷിക്കുന്ന 6581 ഗുണഭോക്താക്കളുണ്ട് എന്നും ടി ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭ പരിശോധനയ്ക്ക് ശേഷം ബ്ലോക്ക് പഞ്ചായത്തുകളിൽ ലഭ്യമാണെന്നും, ലൈഫ് പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾ കൈമാറുന്ന ഭൂരഹിത ഭവനരഹിതരായവരുടെ ലിസ്റ്റിൽ നിന്നും ബ്ലോക്ക് /ജില്ലാപഞ്ചായത്തുകൾക്കും ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് നേരിട്ട് വ്യക്തിഗത ആനുകൂല്യം നൽകുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ് എന്നും ഈ സർക്കാർ ഉത്തരവിൽ ഗ്രാമ സഭകളുടെ അംഗീകാരം കിട്ടിയ പി . എം . എ. വൈ(ജി) പദ്ധതിയുടെ പെർമനന്റ് വെയിറ്റിംഗ് ലിസ്റ്റിൽ ഭൂമിയില്ലാതെ അവശേഷിക്കുന്ന 6656 ഗുണഭോക്താക്കൾക്ക് കൂടി ഭൂമി വാങ്ങുന്നതിന് മേൽ ഉത്തരവ് ഭേദഗതി ചെയ്യണമെന്നും ടി ഗുണഭോക്താക്കൾക്ക് ഭൂമി ലഭ്യമായാൽ പി.എം.എ.വൈ.(ജി) പദ്ധതി പ്രകാരം വീട് അനുവദിക്കുന്നതിന് കഴിയുന്നതാണ് എന്നും ഗ്രാമ വികസന കമ്മീഷണർ പരാമർശം (2) പ്രകാരം അറിയിച്ചിരുന്നു.

2) പി.എം.എ.വൈ. (ജി) പദ്ധതിയുടെ പെർമനന്റ് വെയിറ്റിംഗ് ലിസ്റ്റിൽ ഭൂമിയില്ലാതെ അവശേഷിക്കുന്ന 6656 ഗുണഭോക്താക്കൾക്ക് കൂടി ഭൂമി വാങ്ങുന്നതിന് ലൈഫ് പദ്ധതിയെ ബാധിക്കാത്ത തരത്തിൽ ടി ആവശ്യം അംഗീകരിക്കാവുന്നതാണെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം പരിശോധിയ്ക്കുകയുണ്ടായി. ലൈഫ് മിഷനിലെ ഭൂരഹിത - ഭവനരഹിത ഗുണഭോക്താക്കൾ PMAY permanent wait list ൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവർക്ക് ലൈഫ് പദ്ധതിയുടെ ഭാഗമായി സർക്കാർ അംഗീകരിച്ച നിരക്കിൽ ഭൂമി വാങ്ങി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) മേൽ ഭേദഗതിയോടെ പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവ് നിലനില്ക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ